# ദൈവനാരായണ

-തമ്പി ആന്റണി
തെക്കേക്കുറ്റ്

കാടെല്ലാം മറയുന്നു
നാടെല്ലാം മാറുന്നു
നാടായനാടൊക്കെ ദൈവരൂപങ്ങൾ
പള്ളീലൊരുദൈവം
ഉള്ളിലൊരുദൈവം
കള്ളദൈവങ്ങൾ പതിനായിരവും
മുത്തിലുമുണ്ടവൻ
മാനത്തുമുണ്ടവൻ
പത്തരമാറ്റുള്ള മാലേലുമുണ്ടേയ്....
മണ്ണിലുമുണ്ടവൻ
വിണ്ണിലുമുണ്ടവൻ
എണ്ണിയാൽ തീരാത്ത ദൈവനാമങ്ങൾ
പുല്ലിലുമുണ്ടവൻ
കല്ലിലുമുണ്ടവൻ
കാണാമറയത്തിരിക്കുന്ന രക്ഷകൻ
പൂജാമുറിയിലും
പൊന്നും കുരിശിലും
പാപികൾക്കാശ്വാസമേകുന്നവൻ
പമ്പയാറ്റിൻ കര
പാതിരാനേരത്തു
പാടുന്ന പാട്ടിലും കേൾക്കുന്നിവൻ
എന്നാലുമീജനമെന്നെന്നും പാടുന്നു
പാലം കടക്കുമ്പോൾ ദൈവനാരായണ
കാടെല്ലാം മറയുന്നു
നാടെല്ലാം മറയുന്നു.
നാടായാനാടൊക്കെ ദൈവരൂപങ്ങൾ